
# പാഠം 21

**ജമീൽ** എന്ന വാക്ക് ശ്രദ്ധിക്കുക. സുന്ദരം എന്നർഥം. അറബി വാക്കുകൾ ഓർത്തിരിക്കണം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| സുന്ദരം | ജമീൽ | جَ مِ ي لْ | جَمِيلْ |


ഇനി **ജുനൂബ്** എന്ന വാക്ക് ശ്രദ്ധിക്കുക. തെക്ക് എന്നാണ് അതിനർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| തെക്ക് | ജുനൂബ് | جُ نُ و بْ | جُنُوبْ |


(വ എന്ന അക്ഷരത്തോട് അതിന് ശേഷം വരുന്ന ഒരക്ഷരവും കൂട്ടി എഴുതുകയില്ല.)

ഇനി **ഹിമായത്** എന്ന വാക്ക് പഠിക്കുക. സംരക്ഷണം എന്നർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| സംരക്ഷണം | ഹിമായത് | حِ مَ ا يَ ةْ | حِمَايَةْ |

ഇനി **ഖാലിഖ്** എന്ന വാക്ക് ശ്രദ്ധിക്കുക. സ്രഷ്ടാവ് എന്നർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| സ്രഷ്ടാവ് | ഖാലിഖ് | خَ ا لِ قْ | خَالِقْ |

(മലയാളം നോക്കിയല്ല അറബിവാക്ക് ഉച്ചരിക്കേണ്ടത്. അറബി ഉച്ചാരണം നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.)

ഇനി **ഖിമാർ** എന്ന വാക്ക് ശ്രദ്ധിക്കുക. മുഖമക്കന എന്നർഥം.



| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| മുഖമക്കന | ഖിമാർ | خِ مَ ا رْ | خِمَارْ |

കൂട്ടിയെഴുതുന്ന രീതി ശരിക്ക് മനസ്സിലാക്കി വേണം എഴുതുവാൻ.

## പരിശീലനം:

1. താഴെ അക്ഷരങ്ങളിൽനിന്ന് ഖുലൂദ് എന്ന വാക്ക് തിരഞ്ഞെടുത്തെഴുതുക.

خ ك ل م و ذ د

2. കഴുതക്ക് അറബിയിൽ ഹിമാർ എന്ന പറയുന്നു. ആ വാക്ക് സ്വന്തമായി എഴുതുക.